STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.87/PR/SPMC/PHQ/2026 Date: 23.02.2026

## 74-ാമത് ആൾ ഇന്ത്യാ പോലീസ് വോളിബോൾ ക്ലസ്റ്ററിന്റെ ഉദ്ഘാടന മത്സരത്തിൽ ചണ്ഡീഗഡിനെതിരെ കേരളത്തിന് മിന്നും ജയം

74-ാമത് ആൾ ഇന്ത്യാ പോലീസ് വോളിബോൾ ക്ലസ്റ്റർ 2025 -26 മത്സരങ്ങൾക്ക് തിരുവനന്തപുരത്ത് തുടക്കമായി.

തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഉദ്ഘാടന മത്സരത്തിൽ ചണ്ഡീഗഡിനെ 3-0 ന് പരാജയപ്പെടുത്തി കേരളത്തിന്റെ പുരുഷ വോളിബോൾ ടീം മികച്ച തുടക്കം കുറിച്ചു.

ആവേശഭരിതമായ മത്സരത്തിൽ ഊർജ്ജസ്വലരായ സ്പൈക്കർമാർ നയിച്ച ആതിഥേയ ടീം തുടക്കം മുതൽ അവസാനം വരെ മത്സരം കയ്യടക്കുകയായിരുന്നു. (25-7), (25-18), (25-3) എന്നീ സെറ്റുകൾക്കാണ് വിജയിച്ചത്.

*********************